നായി ആമ്പുലൻസ് സംവിധാനവും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുറന്ന ജയിലിലെ തടവുകാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 10 കിടക്കകളുള്ള ഒരു ആശുപത്രി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ തടവുകാരുടെ പുനരധിവാസവും സ്വഭാവ നവീകരണ മാക്കി നിരവധി തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നൽകുന്ന തോടൊപ്പം മാനസികോത്സാഹത്തിനായി കലാകായികമേളയും സംഘടി പ്പിച്ചു വരുന്നു. പഠിക്കുവാൻ താല്പര്യമുള്ള തടവുകാർക്ക് പഠനസൗകര്യം ലഭ്യമാണ്. വിജ്ഞാനപ്രദമായ പുസ്തകങ്ങൾ ഉൾപ്പെടെയുള്ള ലൈബ്രറികൾ എല്ലാ ജയിലുകളിലുമുണ്ട്.

(സി) തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു വേജ് ഫിക്സേഷൻ ബോഡി' സർക്കാർ രൂപീക രിച്ചു. ടി സമിതി അതിന്റെ ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളനുസരിച്ചുള്ള പുതുക്കിയ നിരക്കിൽ തടവുകാരുടെ ജോലിക്കാനുപാതികമായി വേതന വർദ്ധനവ് നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉപരിപഠനത്തിന് താല്പര്യമുള്ള തടവുകാർക്ക് ജയിലിൽ പഠിക്കുന്നതിനുള്ള സൗകര്യങ്ങളും പരീക്ഷ എഴുതുന്നതിനുള്ള സൗകര്യ ങ്ങളും നല്കിവരുന്നുണ്ട്.

(ഇ) ജയിലുകളിൽ കായിക വിനോദത്തിനായി വോളിബോൾ, ബാഡ്മിന്റൻ, ഷട്ടിൽ, ലോംഗ്ജമ്പ്, ഹൈജമ്പ്, ട്രിപ്പിൾ ജമ്പ്, ഷോട്ട്പുട്ട്, ജാവലിൻ ത്രോ, ഡിസ്ക്കസ്ത്രോ, കബഡി, ഓട്ടം, മുതലായവയിൽ പരിശീലനം നടത്തുന്നതോടൊപ്പം ജയിൽ ദിനാഘോഷത്തോടനുബന്ധിച്ച് കലാകായിക മേള സംഘടിപ്പിക്കുന്നു. കൂടാതെ ജയിലുകളിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനും പുറമെ 'യോഗാ പരിശീലനവും' നൽകുന്നുണ്ട്.

സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

27 (*177)ശ്രീ തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ഡി) എങ്കിൽ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ ഉറപ്പാക്കുന്നതിനായി ഹാജർ നില സംബന്ധിച്ച് സെക്രട്ടറിയേറ്റ് മാനുവൽ/എം.ഒ.പി. എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടണമെന്ന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ് മേധാവികൾ ബന്ധപ്പെട്ട വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തി ഹാജർ നിലവാരം ഉറപ്പു വരുത്തണമെന്നും അനധികൃത മായി ജോലിക്കു ഹാജരാകാത്തവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരി ക്കേണ്ടതാണെന്നും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരളഭരണ പരിഷ്ക്കാര കമ്മറ്റിയുടെ ശുപാർശകൾ അംഗീകരിച്ച് പഞ്ചിംഗ് സമ്പ്രദായം ഗവ:ഓഫീസുകളിൽ ഏർപ്പെടുത്തുവാൻ ഉള്ള നടപടികൾ സ്വീക രിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

റോഡ് സുരക്ഷിതത്വ നിയമങ്ങളെക്കുറിച്ചു ബോധവല്ക്കരണം.

28 (*178)ശ്രീ. ജോസ് ബേബി :
ശ്രീ കെ. പ്രകാശ് ബാബു :
ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ് ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ വർദ്ധിച്ചുവരികയും അനേകം ജീവൻ നഷ്ട പ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിലും പൊതുജനങ്ങളിലും റോഡ് സുരക്ഷിതത്വ നിയമനങ്ങളെക്കുറിച്ചു ബോധവ ല്ക്കരണം നടത്തുന്നതിനു ഏതെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനുവേണ്ടി നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെ ക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്കു പരിഹാരം കാണുന്നതിനുമായി അഡീഷണൽ ചീഫ്സെക്രട്ടറി ചെയർമാനായി ഒരു ഹൈലവൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുയും ചെയ്തിട്ടുണ്ട്. ബോധവല്ക്കണം അപകടങ്ങൾ കുറയ്ക്കാൻ സഹായമാകുമെ ന്നതിനാൽ റോഡുസുരക്ഷാ വിദ്യാഭ്യാസം ജനങ്ങൾക്ക് നൽകുവാൻ പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തു. അതിന്റെ ഭാഗമായി വിദ്യാർത്ഥികൾ. വിവിധ വിഭാഗം ഡ്രൈവർമാർ, സൈക്കിൾയാത്രക്കാർ, കാൽനടക്കാർ എന്നിവരെ ബോധവൽക്കരിക്കുക എന്നതാണ് പദ്ധതി. റോഡുസുരക്ഷാ പുസ്തകങ്ങൾ, ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ഇവ ഇതിനായി ഉപയോഗി ക്കാനും ജില്ലാ റോഡു സുരക്ഷയ്ക്കായി സുരക്ഷാനിധി ഉപയോഗിച്ചു പദ്ധതി പ്രാവർത്തികമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനും പുറമെ ട്രാൻസ്പോർട്ട് ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും, ഓട്ടോ ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും റേഡിയോ, ദൂരദർശൻ

LIBRARY ARCHIVES Kerala Legislative Assembly